**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 431** **08-10-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങോട് മണ്ഡലത്തിലെ എഴുത്തോംപ്പാറ പാലം നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങോട് മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച എഴുത്തോംപ്പാറ പാലം നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 31/10//2016-ലെ G.O (Rt) No. 1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 16/09/2019-ലെ PWD001-12/APR-5/2019/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 5.96 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. 5.8 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രസ്തുത പ്രവൃത്തി ടെണ്ടർ ക്ഷണിച്ച് 28/11/2020-ലെ കരാർ പ്രകാരം M/s. മലബാർ ടെക്ക് എന്ന സ്ഥാപനത്തിന് കരാർ നൽകിയിരുന്നെങ്കിലും ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിയ്ക്കുവാൻ സാധിയ്ക്കാത്ത സാഹചര്യത്തിൽ 19/07/2022-ന് കരാറുകാരന് നഷ്ടോത്തരവാദിത്തമില്ലാതെ വർക്ക് ഫോർക്ലോസ് ചെയ്തിരുന്നു. പിന്നീട് നിർവ്വഹണ ഏജൻസിയായ KRFB ബാലൻസ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അധിക അപ്രോച്ച് റോഡ് ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് എഴുത്തോമ്പാറ പാലത്തിന് 13/03/2024-ലെ PWD001-12/APR-1/2024/KIIFB ഉത്തരവ് പ്രകാരം കിഫ്ബി 14.36 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയിരുന്നു.<br><br>എന്നാൽ ബഹു. എം.എൽ.എയുടെ നിർദേശ പ്രകാരം എഴുത്തോമ്പാറ പാലത്തിന്റെ അപ്രോച്ച് റോഡ് അരപ്പാറ സ്കൂൾ വരെ പരിമിതപ്പെടുത്തിക്കൊണ്ട് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതായും, ആയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് കെ.ആർ.ഫ്.ബി മലപ്പുറം/പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നുണ്ടെന്നും, ആയത് പ്രോജക്റ്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബിക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിയ്ക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഇപ്രകാരം നിർവ്വഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ